പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2785 17.06.2019-ലെ മറുപടി

**ദേവസ്വം ബോർഡ്, കനക നഗർ പ്രദേശങ്ങളിൽ കടിവെള്ള വിതരണം മുടങ്ങാതിരിക്കാൻ നടപടി**

| | ചോദ്യം. | | മറുപടി |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ | | കെ. കൃഷ്ണൻകുട്ടി |
| എ) | തിരുവനന്തപുരം ജില്ലയിൽ ദേവസ്വം ബോർഡ്, കനക നഗർ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം ദിവസങ്ങളോളം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിലവിൽ വാൽവ് ക്രമീകരണത്തിലൂടെ ടി പ്രദേശങ്ങളിൽ ദിവസവും ജലവിതരണം നടത്തുന്നുണ്ട്. എന്നാൽ ജലസംഭരണികളിൽ ആവശ്യത്തിന് ജലവിതാനം ലഭ്യമല്ലാത്ത ചില ദിവസങ്ങളിൽ ടി പ്രദേശത്തു കുടിവെള്ളം മുടങ്ങാറുണ്ട് |
| ബി) | പ്രസ്തുത പ്രദേശങ്ങളിൽ ദിവസങ്ങളോളം കുടിവെള്ള വിതരണം മുടങ്ങുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | വേനൽക്കാലത്തുണ്ടായ ക്രമാതീതമായ ഉപഭോഗവും പുതിയ കണക്ഷനുകളുടെ വർദ്ധനവും ജലസംഭരണികളിൽ ആവശ്യത്തിന് ജലവിതാനം എല്ലാ ദിവസവും ഇല്ലാതിരുന്നതിനാലുമാണ് ടി പ്രദേശങ്ങളിൽ ചില ദിവസം കുടിവെള്ളം മുടങ്ങാൻ കാരണമാകുന്നത് . |
| സി) | ഈ പ്രദേശങ്ങളിൽ യഥാസമയം കുടിവെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | അരുവിക്കരയിൽ പുതിയതായി സ്ഥാപിക്കുന്ന ജലശുദ്ധീകരണശാല പൂർത്തിയാകുമ്പോൾ ജലസംഭരണികളിലേക്കു കൂടുതൽ ജലം എത്തിച്ച് ടി പ്രദേശങ്ങളിലെ ജലക്ഷാമത്തിനു ശാശ്വത പരിഹാരം കാണാൻ സാധിക്കും. |

Renuka Sankar
സെക്ഷൻ ഓഫീസർ